
# ജി എച്ച് എസ് എസ് കണ്ണാടിപ്പറമ്പ



# കണ്ണാടി

## 2022-25

# ആമുഖം

1981 നവംബർ 26 കണ്ണാടിപറമ്പിലെ വിദ്യാഭ്യാസ ചരിത്രത്തിലെ അവിസ്മരണീയ ദിനമായി. ഔദ്യോഗികമായി ഒരു വിദ്യാലയം ആരംഭിക്കപ്പെട്ടു. കുട്ടികളുടെ എണ്ണം കൂടിയപ്പോൾ കൂടുതലായി ക്ലാസ്സറികൾ ആവശ്യമായി വന്നു . ശ്രീ പി സി രാമൻ മാസ്റ്ററുടെ (അന്നത്തെ ഹെഡ്മാസ്റ്റർ പുല്ലൂപ്പി മാപ്പിള എൽ പി സ്കൂൾ) നെയ്ത്ത്കമ്പനിയിലെ പ്രവർത്തനങ്ങൾ നിർത്തി അവിടെയും ക്ലാസ്സുകൾ ആരംഭിച്ചു. ശ്രീ രാമൻ മാസ്റ്ററുടെ മകൻ ചന്ദ്രനെ ഹൈസ്കൂൾ പ്രവർത്തനത്തിന് ആവശ്യമായ നിലയിൽ അദ്ദേഹം വിട്ടുകൊടുത്തു. ശ്രീമാൻമാർ കെ എൻ ഖാദർ , പി സി രാമൻ മാസ്റ്റർ എന്നിവരുടെ സമർപ്പിത മനസ്സ് എന്നും ആദരണീയം തന്നെ.

1981 നവംബർ മാസം ഒരു ഏക്കർ 15 സെൻറ് സ്ഥലം കേരള ഗവർണറുടെ പേരിൽ വളപട്ടണം രജിസ്ട്രാർ ഓഫീസിൽ രജിസ്റ്റർ ചെയ്തു.അവിടെ സ്കൂൾ കെട്ടിടം നിർമ്മിക്കാനുള്ള സത്വര നടപടികൾ ആരംഭിച്ചു.തുടർന്ന് സർക്കാർ നിബന്ധന പ്രകാരം മിനിമം ക്ലാസ് മുറികളുടെ നിർമ്മാണം നിർദ്ദിഷ്ട ഹൈസ്കൂൾ സ്ഥലത്ത് ആരംഭിക്കുന്നതിന് സ്പോൺസറിംഗ് കമ്മിറ്റിയുടെ സജീവമായ പ്രവർത്തനം തുടങ്ങി. 1982 ജനുവരി 30ന് വമ്പിച്ച ജനാവലിയുടെ സാന്നിധ്യത്തിൽ വെസ്റ്റേൺ ഇന്ത്യ പ്ലൈവുഡ് എം ഡി ശ്രീ എ കെ ഖാദർ കുട്ടി സാഹിബ് തറക്കല്ലിട്ടു .തുടർന്ന് യുദ്ധകാലാടിസ്ഥാനത്തിൽ ആണ് നിർമ്മാണ പ്രവർത്തനം മുന്നോട്ടു പോയത്. എല്ലാവരും കൈമെയ് മറന്ന് പ്രവർത്തിച്ചതിന് ഫലമായി ഒമ്പതു മാസം കൊണ്ട് 7 മുറികളുള്ള ഹൈസ്കൂൾ കെട്ടിടത്തിന് പണി പൂർത്തിയായി. 1982 നവംബർ 24ന് ബഹുമാനപ്പെട്ട എംഎൽഎ ശ്രീ എം വി രാഘവൻ ഉദ്ഘാടനം നിർവഹിച്ചു.

കണ്ണൂർ ജില്ലയിലെ കണ്ണൂർ വിദ്യാഭ്യാസ ജില്ലയിൽ പാപ്പിനിശ്ശേരി ഉപജില്ലയിലെ കണ്ണാടിപറമ്പ് എന്ന പ്രദേശത്ത് സ്ഥിതി ചെയ്യുന്ന ഒരു സർക്കാർ വിദ്യാലയമാണ് ഗവ. എച്ച് എസ് കണ്ണാടിപ്പറമ്പ്. 2008 -ൽ രജതജൂബിലി ആഘോഷിച്ച കണ്ണാടിപ്പറമ്പ ഗവ:ഹയർ സെക്കണ്ടറി സ്കൂൾ കണ്ണൂർ വിദ്യാഭ്യാസ ജില്ലയിലെ പാപ്പിനിശ്ശേരി ഉപജില്ലയിലെ അറിയപ്പെടന്ന സ്കൂളുകളിൽ ഒന്നാണ്. കണ്ണാടിപ്പറമ്പിലെ നല്ലവരായ നാട്ടുകാരെല്ലാം ആലോചിച്ചു. നാടിന്റെ സമഗ്രമായ പുരോഗതിക്കുവേണ്ടി 1977ൽ തന്നെ ഒരു ഹൈസ്കൂൾ നിർമ്മിക്കാൻ ആലൊചിച്ചുവെങ്കിലും എല്ലാ കടമ്പകളും കടന്ന് 1981 നവംബർ 25ന് കണ്ണാടിപ്പറമ്പിൽ ഒരു സർക്കാർ ഹൈ സ്കൂൾ ആരംഭിക്കപ്പെട്ടു. 1984ൽ ഫസ്റ്റ്ബാച്ചും ആരംഭിച്ചു. 1985ൽ സെക്കന്റ് ബാച്ച് 100 ശതമാനം വിജയം കരസ്ഥമാക്കി. 2004ൽ +2 ബാച്ചു ആരംഭിച്ചതൊടെ ഹയർ സെക്കൻരി വിദ്യാലയമായി ഉയർത്തപ്പെട്ടു..

ജി എച്ച് എസ്  എസ് കണ്ണാടിപറമ്പ ഹൈസ്കൂളിലെ ലിറ്റിൽ കൈറ്റ്സ് 2022-25 ബാച്ചിന്റെ ഡിജിറ്റൽ മാഗസിൻ നിർമാണത്തിന്റെ ഭാഗമായുള്ള മാഗസിൻ ആണിത് . നമ്മുടെ സ്കൂളിലെ കുട്ടികളുടെ സൃഷ്ടികളാണ് ഇതിൽ ഉൾപ്പെടുത്തിയിരിക്കുന്നത് .

# ആശംസ



നമ്മുടെ മനസിൽ ഉരുത്തിരിഞ്ഞു വരുന്ന ആശയങ്ങളാണ് സൃഷ്ടികളായി മാറുന്നത്. അത് കഥയായും കവിതയായും ലേഖനമായും വരകളായും പുനർജ്ജനിക്കുമ്പോഴാണ്  സൃഷ്ടിയുടെ ധർമ്മം പൂർത്തിയാകുന്നത്.

ഈ ലക്ഷ്യത്തോടെ നമ്മുടെ സ്കൂളിലെ വിദ്യാർത്ഥികൾ തയ്യാറാക്കിയ ഡിജിറ്റൽ മാഗസിനാണ് കണ്ണാടി. ഡിജിറ്റൽ മാഗസിന്റെ പിന്നിൽ പ്രവർത്തിച്ച എല്ലാവർക്കും അഭിനന്ദനങ്ങൾ

എല്ലാവിധ ആശംസകളും നേരുന്നു

ഹെഡ്മാസ്റ്റർ
ടി ഒ മുരളീധരൻ

# എഡിറ്റോറിയൽ ബോർഡ് അംഗങ്ങൾ

1. ശ്രീദേവ് 9J
2. അധിരഥ് ടി 9J
3. മുഹമ്മദ് കെ 9A
4. ശ്രീഹരി പി എൻ 9J
5. അദ്വൈത് പാലായാടൻ 9J
6. സാന്ദ്ര പി കെ 9A
7. സൽവ പി സി 9A
8. റിതുനന്ദ് എം 9A
9. നന്ദന ടി വി 9A
10. വിഷ്ണു ദേവ് കെ പി 9J

# താളുകളിലൂടെ


1. ചങ്ങാത്തങ്ങൾ നാമ്പിടുന്നത്
2. സമാദാനത്തിന്റെ വെള്ളരിപ്രാവ്
3 വിടരാത്ത പൂവ്
4. നിലവിളി
5. ഹോപ്പ്
6 ഗ്ലൂമി ലൈഫ്
7 ആ വാക്കുകൾ യുദ്ധഭൂമിയിൽ തനിയെ
8 കണ്ടതും കേട്ടതും
9 യുദ്ധക്കളത്തിൽ ഒറ്റപ്പെട്ട ബാലൻ
10 മനുഷ്യത്വം ഇല്ലാതെപോയൊരുവനും, ജീവനറ്റ് പോയ ഒരു പാവവും.
11 സൗഹൃദം
12 നിശബ്ദത
13 വാൾസ് ഓഫ് ഇൻസെക്യൂരിറ്റീസ്
14 പഴശ്ശിയുടെ നാട്ടിലേക്ക് ഒരു യാത്ര

# ചങ്ങാത്തങ്ങൾ നാമ്പിടുന്നത്.......

ട്രെയിനിൽ ജനാലയ്ക്കരികിലെ സീറ്റിൽ കാറ്റുകൊണ്ടിരിക്കുമ്പോൾ അവൾ ശ്രദ്ധിക്കുന്നുണ്ടായിരുന്നു തന്നെയല്ലേ അവർ നോക്കുന്നത്...?അതെ! അവൾചെറുതായി തലചെരിച്ചു അവരെ ഒന്നു നോക്കി .അതെ ശരിയാണ് .... സമപ്രായക്കാരിയായ ഒരു പെൺകുട്ടിയും പത്തോ പന്ത്രണ്ടോ വയസ്സുള്ള രണ്ടു കുട്ടികളും അവളെ തന്നെയാണ് നോക്കുന്നത്. തെല്ലൊന്നു പരിഭ്രമിച്ചുകൊണ്ട് അവൾ ചുറ്റും ഒന്ന് നോക്കി. അടുത്തിരിക്കുന്ന അമ്മയാണെങ്കിൽ ഈ ലോകത്തൊന്നുമല്ലെന്ന മട്ടിൽ മുത്തശ്ശിയോട് കിസ പറഞ്ഞിരിക്കുന്നു. ട്രെയ്ൻ ഏതോ ഒരു സ്റ്റേഷനിൽ നിർത്തി.ആ മൂന്നു പെൺകുട്ടികളെ കാണുന്നില്ല; കുറച്ചു കഴിഞ്ഞ് അവൾ നോക്കുമ്പോൾ അതാ അവർ ഒരു ബിസ്കറ്റ് പാക്കറ്റുമായി വരുന്നു അവർ അത് അവൾക്ക് നേരെ നീട്ടി. വാങ്ങണോ ? വേണ്ടയോ ? അവൾ അമ്മയുടെ മുഖത്ത് സംശയത്തോടെ നോക്കി .അമ്മ വാങ്ങിക്കോളൂ എന്ന മട്ടിൽ തലയാട്ടി. അതൊരു പുത്തൻ സൗഹൃദത്തിൻ്റെ തുടക്കമായിരുന്നു..... അവൾ പതിയെ ചോദിച്ചു , "എന്താ നിങ്ങളുടെ പേര്?" കൂട്ടത്തിൽ മൂത്തകുട്ടി പറഞ്ഞു "എൻറെ പേര് ആര്യ.....ഇവൾ ആരതി പിന്നെ... ഇവൾ മീനാക്ഷി. നീയോ?



"ഞാൻ കല്യാണി" അവരുടെ ബന്ധം കൂടുതൽ ദൃഢമായി. അവർ ഒരുപാട് സംസാരിച്ചത് കാരണം നേരം പോയത് അറിഞ്ഞതേയില്ല. തൊട്ടടുത്ത സ്റ്റേഷനിൽ അവർ ഇറങ്ങി.ഇനി കാണുമോ? ഇല്ല ! നഷ്ടപ്പെടും എന്ന് അറിഞ്ഞിട്ടും ആഴത്തിൽ വേരിറങ്ങിയ ചില സൗഹൃദങ്ങൾ അങ്ങനെയാണ് .

————

**ദിയ ദിനേഷ്**
9J




വെടിയുടെയും തോക്കിന്റെയും ഒക്കെയും വലിയ ശബ്ദം കേട്ടാണ് ഞാൻ ഉണർന്നത്. ചുറ്റുപാടും സംഭവിക്കുന്നത് എന്താണെന്നറിയില്ല കാതിൽ തുളച്ചു കയറുന്നത് നെഞ്ച് അടിച്ച്  കരയുന്ന ഓരോരുത്തരുടെ ശബ്ദമാണ്.  കിടക്കയിൽ നിന്നും ചാടി എഴുന്നേറ്റ് ഘടികാരം നോക്കിക്കൊണ്ട് ഞാൻ പുറത്തേക്ക് പോയി, എന്റെ കണ്ണുകൾക ചുറ്റും നോക്കിക്കൊണ്ട് പതുകയായിരുന്നു. എന്റെ കണ്ണുകൾക്ക് വിശ്വസിക്കാനായില്ല എന്റെ കൊച്ചു ഗ്രാമത്തിനെ എന്ത് സംഭവിച്ചു എന്ന ചോദ്യചിഹ്നവുമായി ഞാൻ കവലയിലേക്ക് നടന്നു.

റോഡരികിൽ കാണുന്നത് തികച്ചും കണ്ണുനിറക്കുന്ന കാഴ്ചയായിരുന്നു. വെറും 14 വയസ്സുള്ള ഒരു പെൺകുട്ടിക്ക് താങ്ങാൻ പറ്റുന്നത് ആയിരുന്നില്ല അവയൊന്നും. പാവപ്പെട്ട ഓരോ ആളുകളും അവരുടെ തുച്ഛമായ ദിവസക്കൂലി കൊണ്ട് കെട്ടിയുയർത്തിയ വീടും സ്വപ്നങ്ങളും ഒക്കെ തകർത്തുകൊണ്ടുള്ള കാഴ്ച, എന്റെ ചോദ്യത്തിന്റെ ഉത്തരം എന്നെ ഒത്തിരി സ്നേഹിക്കുന്ന എന്റെ വീടിന്റെ വാതിൽക്കൽ ചെരുപ്പ് തുന്നി ജീവിക്കുന്ന അഹമ്മദിക്കാക്കാന്റെ അടുത്തുനിന്ന് കിട്ടി. ഒറ്റ ഉത്തരം 'പണം' എനിക്ക് എല്ലാം മനസ്സിലായി.

കുറച്ചുനാളുകൾ മുമ്പ് ഞങ്ങളുടെ ഗ്രാമം ഇങ്ങനെ ആയിരുന്നില്ല. വളരെ ആഹ്ലാദത്തോടെ സ്നേഹിക്കാൻ മാത്രം അറിയുന്നവരും എന്നാൽ വിരൽ കൊണ്ട് എണ്ണിത്തിട്ടപ്പെടുത്താൻ മാത്രം കുറച്ചു ആളുകൾ മാത്രമുള്ള ഒരു കൊച്ചു ഗ്രാമം. എനിക്ക് സ്വന്തം എന്ന് പറയാൻ ആരുമില്ലായിരുന്നു. എന്റെ മാതാപിതാക്കളെ ഞാൻ കണ്ടിട്ടില്ല ഏതോ വാഹനാപകടത്തിൽ മരിച്ചു പോയത്രേ. എന്റെ അച്ഛൻ ഗ്രാമത്തിൽ ആയിരുന്നു അമ്മ വലിയ പട്ടണത്തിലെ ഏതോ വലിയ പണക്കാരന്റെ മോളും ആയിരുന്നു. അവരുടെ മരണത്തിനുശേഷം ഞാൻ അച്ഛന്റെ ഗ്രാമത്തിലായി, അച്ഛനും അവിടെ രക്തബന്ധം എന്ന് പറയാൻ ആരുമില്ല. എന്നാലും ആവോളം സ്നേഹം കൊടുത്താണ് അവർഅച്ഛനെ നോക്കിയത് ആ സ്നേഹം എനിക്കും ലഭിക്കുന്നു.  അങ്ങനെ മുന്നോട്ടുപോകുന്ന ഞങ്ങളുടെ ജീവിതത്തിന്റെ ഏതോ ഒരു കണ്ടകശനിയിലേക്ക് അറിയാതെ ഞങ്ങളുടെ പാദങ്ങൾ വീണു. പണം എന്ന രണ്ട് വാക്കാണ് ജീവിതത്തിൽ സന്തോഷം തരുന്നതും അതിലേറെ ദുഃഖിതൻ ആക്കുന്നതും. പണത്തിനുമേൽ പരുന്തും പറക്കും എന്നാണല്ലോ.

ഗ്രാമത്തിനെ സംരക്ഷിക്കേണ്ടവർ തന്നെ ഗ്രാമത്തിൽ ഒറ്റുകൊടുക്കുകയായിരുന്നു ഏതോ വലിയ ഫാക്ടറിയുടെ ഉദ്ഭവത്തിന് വേണ്ടി ഞങ്ങളെ ബലിയാടാക്കേണ്ടതിന്റെ ആവശ്യകത എന്താണ്? ഫാക്ടറി മനുഷ്യന് ഉപകാരപ്രദമാകുന്ന കാര്യങ്ങൾക്ക് വേണ്ടിയായിരുന്നുവെങ്കിൽ ഞങ്ങൾ സമ്മതിച്ചേനെ വിഷം വിതക്കാൻ എന്തിന് കൂട്ടുനിൽക്കണം? ഞങ്ങൾ പൊരുതി അവർ അവരുടെ തനി മുഖം പുറത്തു കാണിച്ചു, ഞങ്ങൾക്ക് ഒന്നും ചെയ്യാനായില്ല നിയമം സംരക്ഷിക്കേണ്ടവർ തന്നെ പണത്തിന് പിന്നാലെ പോയി. എന്ത് ചെയ്യണമെന്ന് അറിയില്ല വീണ്ടും പൊരുതി അതു കൂടുതൽ കൂടുതൽ അവരെ പ്രകോപിപ്പിക്കും എന്നറിഞ്ഞില്ല. അതാണ് രാവിലെ കാണാനിടയായ കാഴ്ച പിഞ്ചുകുഞ്ഞിനെ പോലും വെറുതെ വിട്ടില്ല അത്രയും ക്രൂരതയാണ് അവർ ചെയ്യുന്നത്.

അവരുടെ ഊഹം തെറ്റി ഞങ്ങൾ അടങ്ങും എന്നായിരുന്നു അവർ വിചാരിച്ചത് എന്നാൽ അവരുടെ ഓരോ അടിയിലും ഓരോ വീട് നശിപ്പിച്ചപ്പോഴും ഞങ്ങളുടെ വാശി ഒന്നുകൂടി മെച്ചപ്പെടുത്തി. ഞങ്ങൾ അവിടെ നിന്ന് തുടങ്ങി 'ഞങ്ങൾ' എന്നുള്ളത് ചുരുങ്ങി ഒരുവൻ എന്ന നിലയിൽ എത്തി. അതെ ഞാൻ തനിച്ചു പോരാടാൻ തീരുമാനിച്ചു എനിക്ക് നഷ്ടപ്പെടാൻ ഒന്നുമില്ല എന്ന ആത്മവിശ്വാസത്തോടെ ഞാൻ പൊരുതി പറ്റാവുന്നതിനപ്പുറം പരിശ്രമിച്ചു സത്യം മാത്രമേ ജയിക്കൂ. ഒരുനാൾ അത് പുറത്തുവരും എന്നതുപോലെ ഞാൻ വിജയിച്ചു യുദ്ധക്കളം ആണെന്ന് അറിഞ്ഞിട്ടും ഞാൻ തനിച്ചു പോരാടി.ഞങ്ങളെ ഉപദ്രവിച്ച ഓരോരുത്തരെയും നിയമത്തിനു മുന്നിൽ ഞാൻ കൊണ്ടുവരുന്നു, അതിരാവിലെ പാൽക്കാരന്റെ ശബ്ദം കേട്ട് ഉണർന്ന ഞാൻ പുറത്തേക്ക് പോയി. എല്ലാം പഴയതുപോലെതന്നെ. ആയിരുന്നു എനിക്ക് ഒന്നും മനസ്സിലായില്ല അതെ സ്വപ്നമായിരുന്നു എല്ലാം പക്ഷേ എന്തുകൊണ്ട് ഇത് സംഭവിച്ചുകൂടാ, ഉള്ളിൽ അടങ്ങാത്ത ഭയവും ഏറ്റിക്കൊണ്ട് എന്റെ ജീവിതം മുന്നോട്ട്...

ഫാത്തിമത്ത് ഫിദ. എം
9.G

# വിടരാത്ത പൂവ്

ഇരുചെവികളിലും തുളച്ചു കയറുന്ന ബെല്ലിന്റെ ശബ്ദം കേട്ട് അവൾ ഞെട്ടി എഴുന്നേറ്റു. ബെൽ തുടരെ തുടരെ അടിക്കുന്നു. അവൾ ഉറക്കച്ചുവാടോടെ കിടക്കയിൽ നിന്ന് എഴുന്നേറ്റ് വാതിൽ തുറന്നു. അപ്പുറത്തെ ഫ്ലാറ്റിൽ ഉള്ള രാഗി ചേച്ചി ആയിരുന്നു. " എന്താ രാഗി ചേച്ചി രാവിലെതന്നെ? " അവൾ ചോദിച്ചു. " എന്താ കുഞ്ഞേ..... ഉറങ്ങി എഴുന്നേക്കുമ്പോയേക്ക് നീ ഒക്കെ മറന്നോ... ഇന്ന് ഓണമല്ലേ...... " അപ്പോഴാണ് അവൾക്കും ഓർമവന്നത്. വീട്ടിൽ നിന്ന് ഫ്ലാറ്റിലേക്ക് താമസം മാറിയതിൽ പിന്നെ അവൾക്ക് വിശേഷ ദിനങ്ങൾ ഒന്നും വിശേഷപ്പെട്ടതല്ലായിരുന്നു. " നീ വേഗം വാ....

ആര്യ മോളേ.... മോളേ"... രാഗി ചേച്ചി വിളിച്ചപ്പോൾ ആണ് ആര്യ അവളുടെ ചിന്തകൾക്ക് വിരാമം ഇട്ടത്. അവൾ ഇപ്പോൾ വരാം എന്ന് പറഞ്ഞു ഫ്ലാറ്റിലേക്ക് കയറിപ്പോയി. പുറത്തു നിന്ന് എല്ലാവരുടെയും ബഹളം കേൾക്കുന്നു. അവൾ ഒരു നിമിഷം വീട്ടുകാരോട് ഒപ്പമുള്ള ഓണാഘോഷങ്ങളെ പറ്റി ഓർത്തു. അവളുടെ കണ്ണുകളിൽ നിന്ന് നിയന്ത്രണമില്ലാതെ ഒഴുകി. അവൾക്ക് അവളുടെ കണ്ണീരിനെ തടുക്കാൻ ആയില്ല. ഒരർത്ഥത്തിൽ പറഞ്ഞാൽ അവൾക്ക് തടുക്കാൻ ആവില്ല. പിന്നീട് അവൾ ചിന്തിച്ചു, എന്തിനാണ് താൻ കരയുന്നത്. സ്വയം ഇഷ്ടപ്രകാരം തനിക്കിഷ്ടപെട്ട ഒരാളുടെ കൂടെ വീട്ടുകാരെ എതിർത്ത് ഇറങ്ങി വന്നതല്ലേ താൻ..... എന്നിട്ടിപ്പോൾ അയാൾ എവിടെ?... അവളുടെ ചുണ്ടുകളിൽ പുച്ഛം വിടർന്നു. ' ആര്യേ.... ആര്യേ.....' പെട്ടന്ന് ഡോറിൽ തട്ടിയുള്ള നയനയുടെ വിളി കേട്ടു... അവൾ " ദാ ഇപ്പൊ വരാം.. " എന്നും പറഞ്ഞു അവളുടെ സങ്കടങ്ങൾ ഒക്കെ മാറ്റിവെച്ചു റെഡിയാവൻ പോയി.. അവൾ ഒരു വെള്ള ചുരിദാറും എടുത്തിട്ട് ഒരു കുഞ്ഞു പൊട്ടും തൊട്ട് പുറത്തേക്ക് പോയി.. എല്ലാവരും അവരവരുടെ കുടുംബത്തോട് ഒപ്പം ഫോട്ടോ എടുക്കുന്നതും വീട്ടിൽ ഉള്ളവരെ വിളിക്കുന്നതും ഒക്കെ കണ്ടപ്പോൾ അവളുടെ ഉള്ളം വിങ്ങി. അപ്പോഴാണ് നയന പൂക്കളത്തിൽ വെക്കാൻ അവരുടെ ഫ്ലാറ്റിൽ ഉള്ള റോസാപൂവ് പറിക്കാൻ പോവുന്നത് കണ്ടത്. ആര്യ നയനയുടെ കൂടെ പോയി. ഫ്ലാറ്റിൽ എത്തും വരെ അവിടെ ഇവിടെ ആയി ഓരോരുത്തരും കുടുംബവുമായി ഉല്ലസിക്കുന്നതും അടികൂടുന്നതും ഒക്കെ കണ്ടുകൊണ്ട് അവളുടെ കണ്ണുകൾ നിറഞ്ഞു. പുറത്തേക്ക് വരാൻ നിൽക്കുന്ന കണ്ണനീരിനെ അവൾ ശക്തിയിൽ തുടച് മാറ്റി. അങ്ങനെ നയന റോസപ്പൂവ് പറിക്കുന്നിടതേക്ക് പോയപ്പോൾ കുറേ പൂവുകൾക്കിടയിൽ ഒരു ' വിടരാത്ത പൂവ് ' അവൾ കണ്ടു. ആ പൂവ് കണ്ടപ്പോൾ അവൾക്ക് അവളെത്തന്നെ ഓർമ വന്നു. ഈ ഫ്ലാറ്റിൽ ഉള്ളവരൊക്കെ സന്തോഷത്തോടെ ഓണം ആഘോഷിക്കുമ്പോൾ അവൾക്ക് മനസ്സ് കൊണ്ട് സന്തോഷിക്കാൻ കഴിഞ്ഞില്ല. പൂവും പറിച്ചു തായേക്ക് പോയപ്പോൾ അവിടെ ഓണ കളികളുടെ ഒക്കെ ചർച്ച ആയിരുന്നു. ചർച്ച ഒക്കെ കഴിഞ്ഞ് അവരൊക്കെ സദ്യയും കയിച് ആഘോഷങ്ങൾക്ക് തുടക്കം ഇട്ടു. പുലി കളിയും, മാവേലിയും പാട്ടും ആട്ടവും ഓണത്തല്ലും കുഞ്ഞു തമാശകളും വഴക്കുകളും ഒക്കെ നിറഞ്ഞ സ്നേഹത്തിന്റെ യുദ്ധ ഭൂമി ആയിരുന്നു അപ്പോൾ ആ ഫ്ലാറ്റും പരിസരവും. ചുറ്റും എല്ലാവരും ഉണ്ടെങ്കിലും സ്നേഹം കൊണ്ടുള്ള ഇവ യുദ്ധഭൂമിയിൽ അവൾ തനിച്ചാണെന്ന് അവളുടെ മനസ്സ് അവളോട് മൊഴിഞ്ഞു. വീണ്ടും അവൾ ചിന്തകളിലേക്ക് കാടു കയറി.ആ റോസാപൂക്കളുടെ ഇടയിൽ വിടരാത്ത ആ പൂവ് അവളുടെ മനസിലേക്ക് വന്നു. ഈ സന്തോഷങ്ങൾക്കിടയിൽ അവൾക്ക് സന്തോഷിക്കാൻ പറ്റുന്നില്ല. അവളുടെ ഉള്ളിൽ അവളുടെ സന്തോഷങ്ങൾ ഇല്ലാതാക്കുന്ന പലതും ഉണ്ടായിരുന്നു. അതേപോലെ ആ റോസാപൂവിനും അതിനി വിടരാൻ പറ്റാതെ ആകുന്ന എന്തെങ്കിലും ബുദ്ധിമുട്ടുകൾ ഉണ്ടാവുമെന്ന് അവൾ ചിന്തിച്ചു. വിടർന്ന പൂക്കൾ ആയ ഫ്ലാറ്റിൽ ഉള്ളവരുടെ ഇടയിൽ അവൾ ഒരു ' വിടരാത്ത പൂവ് ' ആയിരുന്നു.



**നജബ**
10-B




RASHA RASHEED
10A



# നിലവിളി

തൂക്കിലേറ്റാൻ പോകുന്നറിഞ്ഞുടൻ
മനസിലൊരു തീ ആളിക്കത്തിയുടൻ
പ്രപഞ്ചം മുഴുവൻ കറുത്തിരുണ്ട്
എന്നിലെ വെളിച്ചമകറ്റിയൊരിക്കൽ
കണ്ണുനീർച്ചൊരിഞ്ഞില മനസ്സ്
വിമൂകമായിരിപ്പൂ എന്നുള്ളിലിപ്പോൾ
തടവറയ്ക്കുള്ളിലെ ചുമരുകളിപ്പോഴും
എൻ നിലവിളി ശബ്ദങ്ങൾ ആഞ്ഞടിക്കുന്നു
എന്നിലെ സ്ത്രീയെ ചോർത്തിയെടുത്തവൻ
എന്റെ മോഹങ്ങളെ ഇല്ലാതാക്കിയ
ക്രൂരനായ മനുഷ്യ മൃഗമാണയാൾ...
എന്തി നീ നീതിപിഡഠ നമുക്ക്
കണ്ണടച്ച് ക്കെട്ടിയെന്തിനി നീതി
നടപ്പിലാകുന്നു?

കറുപ്പും വെള്ളയും കോട്ട് ധരിച്ചവർ

സത്യങ്ങളെ പലപ്പോഴും മറച്ചു വച്ചിട്ടുന്നു-
ലജ്ജ തോന്നി പോകുന്നു ഈ നിയ-
മങ്ങളെപ്പറ്റിയും, തൂക്കി വിൽക്കാനാകുമോ
ഈ മനുഷ്യ ജീവിതം
സ്ത്രീയെന്ന ജന്മം എടുത്ത ഈ
പാവികൾ മഹാ പാപികൾ അല്ലയോ.....
മരണം മുന്നിൽ കണ്ട എന്നികെന്തിനീഭയം.
സ്ത്രീയെന്ന ഈ മനുഷ്യ ജീവിതം
എന്നാണെനി പുനരുദിക്കാൻ
പോകുന്നത്?
രണ്ടു കണ്ണുമുച്ചൊരു നിമിഷം ഓർത്തു
പോകയാണെൻ ജീവിതം.
കരിയിലകൾ പോലെ പാറിപറന്നു
പെൺ ജീവിൽ സ്വതന്ത്ര്യത്തിനായി
തുടിക്കുന്നു.
മരിച്ചു മണ്ണോടായ ധീര
വനിതകളെ ഞാനീ നിമിഷം
ഓർത്തു പോകുന്നു.
മരണത്തെ ഞാൻ സ്വീകരിച്ചു
കഴിഞ്ഞിരിക്കുന്നു. ഇപ്പോളെന്നുള്ളിലുള്ളത്
വെറും ജീവജഡമായി മാറിയിരിക്കുന്നു....

Niveditha kp
10A

# HOPE

Where should I go,
It's covered with darkness,
Please help me god,
I'm just helpless.

World is full of greedy humans,
All they care about is pride,
And those poor needy humans,
Just need food for one time.




At last, one came there,
who vanished all the darkness,
That was a little hope,
Which filled us with happiness,

He told "Not to lose hope
The god is always watching",
We followed his way
and Now we all are laughing.

Just don't lose hope,
Cause up there, is someone,
Just follow his way,
There's happiness for everyone,

Disha.D
10-C


Online Game
Money loss...
നമ്മളെ ഒന്നും
ആർക്കും വേണ്ട
RIP

# GLOOMY LIFE

I hope it's to be blissful
But,it's always sorrowful.
I hope it's to be peaceful,
But, it's always doleful

In a pensive mood, I realized
My life is like a flower bud,
That never blossoms

I know it will blossoms.
In that ecstatic day,
It will be the end,
Of my gloomy life.
There's no more hope...!
Hope is not any more...!



Nujaba. M
10-B

# ആ വാക്കുകൾ യുദ്ധഭൂമിയിൽ തനിയെ.....

റാം പഠിക്കുകയാണ്. സമയം രാത്രി പത്തുമണി. അമ്മയാണെങ്കിൽ മൂകയായി വീടിൻ്റെ ഉമ്മറത്തിണ്ണയിൽ ഇരിക്കുന്നു. വീടു ശാന്തം. പെട്ടെന്നാണ് വണ്ടിയുടെ ശബ്ദം കേട്ടത്. അപ്പൻ വന്നുവെന്ന് അവന് മനസ്സിലായി. പിന്നീട് അവിടെ മർദ്ദനത്തിൻ്റെയും നിലവിളിയുടെയും ശബ്ദം ഉയർന്നു. അവൻ ഓടിച്ചെന്ന് നോക്കിയപ്പോൾ അമ്മ ചോരവാർന്ന് മുറിയുടെ ഒരു മൂലയിൽ കിടക്കുന്നു. അപ്പൻ്റെ കയ്യിൽ കുപ്പിച്ചില്ലും കാണാം. മദ്യത്തിൻ്റെ ലഹരിയിൽ മുഴുകിക്കിടക്കുന്ന തൻ്റെ അപ്പൻ അമ്മയുടെ വീട്ടുകാരെ വെറുതെ വഴക്കു പറയാനും അവരെ കണ്ടാൽ കടിച്ചു കീറാൻ പാകത്തിൽ പോകുവാനും തുടങ്ങിയിട്ട് വർഷങ്ങളായി; അമ്മയാണെങ്കിൽ അതിന് പ്രതികരിക്കുകയും ചെയ്യും. പക്ഷെ ഇന്ന് ഇങ്ങനെ ഒരു അവസാനമുണ്ടാകുമെന്ന് അവൻ ചിന്തിച്ചതെയില്ല. അവൻ ഓടിച്ചെന്ന് അമ്മയുടെ അടുത്ത് പോയപ്പോൾ "എവിടെയെങ്കിലും പോയി രക്ഷപ്പെട്ടു....." എന്ന് പറഞ്ഞു കൊണ്ട് ആ നിറകണ്ണുകൾ അടഞ്ഞു.

പെട്ടെന്നാണ് വണ്ടിയുടെ ചൂളം വിളി കേട്ടത്. തൻ്റെ കണ്ണുതുറന്നു നോക്കിയപ്പോൾ ഏതോ ഒരു സ്റ്റേഷനിൽ ട്രെയിൻ എത്തിയിരിക്കുകയാണ്. അവൻ ചാടിയെഴുന്നേറ്റ് ആ സ്റ്റേഷനിലേക്കിറങ്ങി. വെറും 11 വയസ്സ് മാത്രം പ്രായമുള്ള താൻ തൻ്റെ അച്ഛനെ ഭയന്ന് സ്വന്തം വീടും നാടും ഉപേക്ഷിച്ച് ഒറ്റയാനായി ഇത്രദൂരം എങ്ങനെ വന്നു എന്നാലോചിച്ച് അവന് ആശ്ചര്യം തോന്നി. പക്ഷെ അപ്പോൾ കാതുകളിൽ അമ്മയുടെ അവസാന ശ്വാസത്തിൽ പറഞ്ഞ വാക്കുകൾ മാത്രം

. സമയം ഉച്ച 2 മണിയേയായുള്ളൂ. കഴിഞ്ഞ രണ്ട് മൂന്ന് ദിവസം വീട്ടിൽ പട്ടിണിയായിരുന്നു. ഇപ്പോൾ യാത്രാ ക്ഷീണവും കൂടി വന്നപ്പോൾ വിശപ്പു കൂടി. എവിടെ നിന്നെങ്കിലും ഭക്ഷണം കഴിക്കണമെന്നായി ചിന്ത. തൻ്റെ കയ്യിലാണെങ്കിൽ നാലണ പോലുമില്ല. അപരിചിതനായതിനാലും ഒറ്റയാനായതിനാലും ആരും കണ്ടാൽ കൂട്ടാക്കുന്നുമില്ല. അവരോട് പോയി ചോദിക്കാമെന്നുവച്ചാൽ ഭാഷയറിയില്ലതാനും. എന്നാലും അവൻ ഒരു ഹോട്ടലിൻ്റെ മുൻവശത്തുള്ള തൂണിൻ്റെ ചാരെ ഇരുന്നു. ആ വഴി പോകുന്നവരുടെ മുഖത്ത് ദയനീയമായി നോക്കിയെങ്കിലും ആരും കണ്ട ഭാവം നടിക്കുന്നില്ല. അപ്പോഴാണ് ആ വഴി ഒരാൾ തൻ്റെ നേരെ വരുന്നത് കണ്ടത്. അദ്ദേഹം അവൻ്റെ മുഖത്തേക്ക് സൂക്ഷ്മമായി നോക്കി. എന്നിട്ട് "യെന്ന പാപ്പ, നീങ്കെ തമിഴാ ?" എന്ന് ഒരു ചെറു പുഞ്ചിരിയോടെ ചോദിച്ചു. റാം സ്തബ്ധനായി നിന്നു. "അത് ഉങ്കൾക്ക് യെപ്പടി തെരിഞ്ച്ത്?" എന്ന് അവൻ ആകാംഷയോടെ ചോദിച്ചു. അപ്പോഴാണ് തൻ്റെ പേര് രാമണ്ണയാണെന്നും താനും ഒരു തമിഴനാണെന്നും ഇവിടെ ഒരു സ്കൂളിനടുത്തുള്ള കാൻ്റീനിൽ ജോലിക്കു വന്നതാണെന്നും പറഞ്ഞു. എന്നിട്ട് റാമിനോട് എവിടെ നിന്നാണ് വരുന്നതെന്നും തൻ്റെ അച്ഛനും അമ്മയും എവിടെയാണെന്നും ചോദിച്ചു. റാം ചെന്നൈയിൽ ഒരു ചെറിയ ഗ്രാമത്തിൽ നിന്നാണ് വരുന്നതെന്നും അതിനു ശേഷം നടന്ന കാര്യങ്ങളൊക്കെ അവൻ വിവരിച്ചു. ഇതൊക്കെ കേട്ടപ്പോൾ രാമണ്ണ ആശ്ചര്യപ്പെട്ടു പോയി. എന്നിട്ട് അവന് ഭക്ഷണം വാങ്ങിക്കൊടുത്തിട്ട് തൻ്റെ ഒപ്പം കൂട്ടി. അങ്ങനെ റാം സന്തോഷത്തോടെ രാമണ്ണയുടെ ഒപ്പം താമസിച്ചു. അദ്ദേഹത്തിൻ്റെ കൂടെ കാൻ്റീനിൽ ജോലി ചെയ്യുകയും ചെയ്തു.

അങ്ങനെയിരിക്കെ ഒരു ദിവസം റാം പതിവുപോലെ രാമണ്ണയുടെ കൂടെ കാൻ്റീനിലേക്ക് പോകുമ്പോഴാണ് അവിടെ സ്കൂളിനടുത്തായി രണ്ടു മൂന്നു പെൺകുട്ടികൾക്ക് ഒരു ചെറുപ്പക്കാരൻ എന്തോ ഒരു പൊതി കൊടുക്കുന്നത് കണ്ടത് ശ്രദ്ധയിൽ പെട്ടത്. അത് അവൻ അപ്പോൾ തന്നെ രാമണ്ണയോട് പറഞ്ഞു. രാമണ്ണ ആ ചെറുപ്പക്കാരനോട് പോയികാര്യം തിരക്കി. അതിൽ എന്തോ പന്തികേട് തോന്നിയ രാമണ്ണ അത് പോയി സ്കൂൾ അധികൃതരെ അറിയിച്ചു. പക്ഷെ വിധി തിരിഞ്ഞാണ് വന്നത്. അധികൃതർ കുട്ടികളോട് വിവരമന്വേഷിച്ചപ്പോൾ അവർ രാമണ്ണയാണ് അത് നൽകിയതെന്ന് പറഞ്ഞു. പിന്നീട് അദ്ദേഹത്തെ ആ കാൻ്റീനിൽ നിന്നും പിരിച്ചു വിട്ടു. അപ്പോൾ തന്നെ കൊണ്ടാണ് ഇങ്ങനെയൊക്കെ സംഭവിച്ചതെന്ന് റാമിന് തോന്നി. തൻ്റെ അമ്മ മരണപ്പെടാൻ പോകുമ്പോഴും തനിക്ക് ഒന്നും ചെയ്യാൻ കഴിഞ്ഞില്ല. ഇപ്പോൾ, തന്നെ സ്വന്തം മകനെ പോലെ സ്നേഹിക്കുന്ന രാമണ്ണയുടെ ജോലി നഷ്ടപ്പെടാനും കാരണക്കാരനായി. ഇതൊക്കെ ആലോചിച്ചു നിന്നപ്പോൾ അവൻ്റെ മനസ്സിൽ അമ്മയുടെ വാക്കുകൾ തന്നെ അവന് തൻ്റെ നാട്ടിലേക്ക് തിരിച്ചു പോകണമെന്ന് തോന്നി. അത് രാമണ്ണനോട്പറഞ്ഞപ്പോൾ അദ്ദേഹവും കൂടെ വരാമെന്നു പറഞ്ഞു.

അങ്ങനെ രണ്ടു പേരും കൂടി ഉച്ച രണ്ടു മണിയുടെ ട്രെയിനിൽ പുറപ്പെട്ടു. പിറ്റേന്ന് രാവിലെ 7:30 യോടെ അവിടെ എത്തുകയും ചെയ്തു. അവൻ ഉടനെ രാമണ്ണനെയും കൂട്ടി തൻ്റെ വീട്ടിലേക്ക് നടന്നു. വീടിൻ്റെ മുൻപിലെത്തിയപ്പോൾ അവിടെ ആരെയും കണ്ടില്ല. പിന്നീട് അവൻ്റെയുള്ളിലുണ്ടായിരുന്നത് തൻ്റെ അപ്പൻ എവിടെയെന്നായിരുന്നു. അന്വേഷിച്ചപ്പോഴാണ് മദ്യത്തിൻ്റെ അമിത ഉപയോഗം കാരണം കുറച്ചു ദിവസങ്ങൾക്കു മുമ്പ് അയാൾ മരണപ്പെട്ടതറിഞ്ഞത്. അവന് ദുഃഖം തോന്നി. എന്തിനാണെന്നുവച്ചാൽ തൻ്റെ അമ്മയെ എന്തിനാണ് നീചനായ നിങ്ങൾ കൊന്നതെന്ന് അദ്ദേഹത്തിൻ്റെ മുഖത്തു നോക്കി ചോദിക്കണമെന്നുണ്ടായിരുന്നു. അവൻ വീടിനകത്തേക്കു കയറി. മുൻപ് രാത്രിയിൽ യുദ്ധഭൂമിയായിത്തീർന്ന ആ വീട്ടിൽ കഴിഞ്ഞു പോയ യുദ്ധങ്ങൾക്ക് സാക്ഷിയായിരുന്നതും ആ യുദ്ധത്തിൻ്റെ അവസാനവും കണ്ട ഒരേയൊരു കണ്ണിയായി ആ വീട്ടിൽ തനിയെ മൂകനായി ഇരുന്നു. അപ്പോഴും അവൻ്റെ കൂടെ അമ്മയുടെ ഓർമ്മകളും, രാമണ്ണയുടെ സ്നേഹവും സാമീപ്യവും ഉണ്ടായിരുന്നു.

**അനന്യ രഞ്ജിത്ത്**
9J

# കണ്ടതും കേട്ടതും

ഞങ്ങളുടെ ഏറെ നാളത്തെ സ്വപ്നം സഫലമായി. സ്വന്തം വീട് എന്ന സ്വപ്നം ഗൃഹപ്രവേശം ആർഭാടമായിട്ടൊന്നും ഉണ്ടായിരുന്നില്ല. അടുത്ത ബന്ധുക്കളും അമ്മയുടെ സഹപ്രവർത്തകരും കുറച്ച് അയൽക്കാരും  മാത്രം.

അമ്മയുടെ ഏറെക്കാലത്തെ പരിശ്രമത്തിനൊടുവിലാണ് വീട് യാഥാർത്ഥ്യമായത്. ഉത്തരവാദിത്വത്തിൽ നിന്ന് അച്ഛൻ ഒഴിഞ്ഞു മാറിയപ്പോൾ അമ്മ തളർന്നില്ല മാനസികമായും സാമ്പത്തികമായും ശാരീരികമായും അമ്മ ഏറെ ബുദ്ധിമുട്ടി എങ്കിലും സാമാന്യം നല്ല വീടുണ്ടാക്കി.

ചുറ്റുപാടുമുള്ള വീട്ടുകാരെ ഒന്നും പരിചയപ്പെട്ടില്ല ആകെ അറിയുന്നത് അടുത്തുള്ള ആമിന ത്താത്തയുടെ വീടാണ്.

അവരാണ് വീടുപണിയുമ്പോൾ ഞങ്ങൾക്ക് സഹായത്തിന് ഉണ്ടായിരുന്നത്. പിന്നെ ഒരു കൊച്ചുമോൻ റഫീഖിനെയും കൊണ്ട് ആമനത്താത്ത എപ്പോഴും ഇവിടെ വരും. വീട്ടിൽ വെറുതെയിരുന്നപ്പോൾ   എനിക്ക് മുഷിപ്പ് അനുഭവപ്പെട്ടു. അമ്മ അകത്ത് ഫോൺ വിളിക്കുന്ന തിരക്കിലാണ് ഞാൻ മെല്ലെ പുറത്തിറങ്ങി മുറ്റത്തെ നിഴൽ ചിത്രങ്ങൾ നോക്കിയിരുന്നു.

ഒരണ്ണാൻ ചില്ലും..... ചില്ലും.... ഒച്ചയു ണ്ടാക്കി തെങ്ങിൻ മുകളിലോടി ക്കയറി. മുറ്റത്തെ ചെടിയിൽ നിറയെ പൂക്കളുണ്ട്. അതിൽ തേൻ കുടിക്കാൻ വരുന്ന പൂമ്പാറ്റകളെ കുറെ സമയം നോക്കി നിന്നു. അനിയൻ ഉണ്ടായിരുന്നെങ്കിൽ അവനുമായി അടി കൂടാമായിരുന്നു. അവനും അമ്മൂമ്മയും ആന്റിയും മാമന്റെ വീട്ടിൽ പോയിരിക്കയാണ്.

ഒരു കരച്ചിലിന്റെ ശബ്ദം കേട്ട് ശ്രദ്ധിച്ചു. യ്യോ.. ന്റെ ബദരീങ്ങളേ... ഓടിവരണേ... ആമിനത്താത്ത യുടെ ശബ്ദമാണല്ലോ. യ്യോ... കിണറ്റീ പോയേ... ആരെങ്കിലും ഓടി വരണേ...

എന്റെ മനസ്സ് ഒന്ന് കിടുങ്ങി.അവിടെ ആൾമറയില്ലാത്ത കിണറാണ് റഫീഖ് മോൻ കിണറ്റിൽ.... കളിക്കുമ്പോൾ....ന്റെ ബദരീങ്ങളേ കിണറ്റിൽ പോയേ..ആരെങ്കിലും ഒന്ന് ഓടി ബരണേ....ആമിനത്താത്ത യുടെ ആരോഹണ വരോഹണ ക്രമത്തിലുള്ള കരച്ചിൽ വീണ്ടും മുഴങ്ങി കേട്ടു. ഒന്നാരെങ്കിലും കെണറ്റിൽ കീയ്യപ്പാ. നീയിവിടെ നിക്ക്. ഞാൻ പോയി നോക്കട്ടെ. അമ്മ അങ്ങോട്ടോടി. എനിക്ക് ക്ഷമ വന്നില്ല.വിറക്കുന്ന കാലുകളോടെ ഞാനും പിന്നാലെ പോയി.

അവിടെ ചെറിയൊരാൾ ക്കൂട്ടമുണ്ട്. ഇവർ ഫയർ ഫോഴ്സിനെയൊന്നും വിളിച്ചില്ലേ? എന്റെ ശ്രദ്ധ റോഡിലേക്കായി. പിന്നെ ഞാൻ ആൾക്കൂട്ടത്തിനടുത്തേക്ക് നടന്നു. ആരുടെയും മുഖത്ത് വേവലാതി കാണുന്നില്ല. ചിലർ ഊറി ച്ചിരിക്കുന്നുമുണ്ട്.

ഉമ്മാ നിങ്ങളൊന്നടങ്ങുന്നുണ്ടോ? അപ്പുറത്തെ രാമേട്ടൻ ഉമ്മയെ ശാസിച്ചു. ഇങ്ങക്കെന്താപ്പാ പറീന്നേന് മാസം മുപ്പത് മുട്ടയിടുന്ന എന്റെ കോയി യല്ലേ കെണറ്റിപോയത്.. ആരെല്ലാമോ വല്ലം കെട്ടിതാഴ്ത്തി കോഴിയെ പുറത്തെടുക്കാൻ ശ്രമിക്കുന്നുണ്ട്.

റഫീഖ് മോനുണ്ട് അവന്റെ ഉമ്മയുടെ കയ്യിലിരുന്ന് മോണ കാട്ടി ചിരിക്കുന്നു. ദീർ ഘ ശ്വാസം വിട്ട് ഞാൻ അമ്മയുടെ കൂടെ വീട്ടിലേക്കു നടന്നു.


MARKET
Tomato
1 kg-95rs
Carrot
1 kg-50rs
chilly
1 kg-60

# യുദ്ധക്കളത്തിൽ ഒറ്റപ്പെട്ട ബാലൻ

എൻ്റെ പേര് മാധവ് ഞാൻ ഒരു ചെറിയ കുടുബത്തിൽ നിന്നാണ്. എൻ്റെ നാട് കുഞ്ഞുമംഗലത്താണ്. ചെറിയ കുടുംബമാണ് പക്ഷേ, സന്തോഷവും സ്നേഹവും നിറഞ്ഞതായിരുന്നു.ഞാനും അച്ഛനും അമ്മയും രണ്ട് സഹോദരിമാരുമായിരുന്നു എൻ്റെ കുടുംബം. ഞാനാണ് കൂട്ടത്തിൽ ഇളയവൻ. എന്റെ ചേച്ചിമാർക്ക് എന്നോട് വലിയ ഇഷ്ടമായിരുന്നു. മൂത്ത ചേച്ചി ഡോക്ടറായിരുന്നു. ഇളയ ചേച്ചി ഡിഗ്രിക്ക് പഠിക്കുകയായിരുന്നു.അങ്ങനെ കുറച്ചുനാൾ കഴിഞ്ഞപ്പോൾ മൂത്ത ചേച്ചിക്ക് വിവാഹാലോചന വന്നു. നല്ല കുടുംബമാണ് എന്നറിഞ്ഞപ്പോൾ എല്ലാവരും വിവാഹത്തിന് സമ്മതിച്ചു. വിവാഹം കഴിഞ്ഞ് ചേച്ചി പോയി. ഞാനും എൻ്റെ ഇളയ ചേച്ചിയും മാത്രമായി. പെട്ടന്നായിരുന്നു അച്ഛന് അസുഖം വന്നത്. ആശുപത്രിയിൽ അഡ്മിറ്റ് ആയി. അധികം വൈകാതെ അച്ഛൻ ഞങ്ങളെ വിട്ട് പോയി. ഇളയ ചേച്ചി പഠിപ്പ് നിർത്തി വീട്ടിലിരുന്നു. അച്ഛൻ്റെ മരണശേഷം അമ്മ തളർന്നുപോയി. ഞാനും സ്കൂളിൽ പോകുന്നില്ല എന്ന് പറഞ്ഞ് വാശി പിടിച്ചു.പക്ഷേ ചേച്ചി അതിനു സമ്മതിച്ചില്ല. വീട്ടുകാര്യങ്ങൾ നോക്കുന്നത് ചേച്ചിയാണ് മൂത്ത ചേച്ചി വരാറില്ല.അങ്ങനെ ദിവസങ്ങൾക്കു ശേഷം എൻ്റെ ഇളയ ചേച്ചിക്കും വിവഹാലോചനകൾ വരാൻ തുടങ്ങി. ചേച്ചി അതിന്നൊന്നും സമ്മതിച്ചില്ല. ഞാൻ അപ്പോഴത്തേക്കും പത്ത് കഴിഞ്ഞിരുന്നു അച്ഛൻ്റെ അനിയത്തിമാർ ചേച്ചിയെ നിർബന്ധിച്ചു കല്യാണം കഴിപ്പിച്ചു.

എനിക്കിനി അമ്മ മാത്രം. മൂത്ത ചേച്ചി വന്നു പോകുമായിരുന്നു. അച്ഛൻ്റെ സഹോദരിമാർ വീട്ടിൽ നിന്നു. എൻ്റെയും അമ്മയുടെയും കാര്യങ്ങൾ നോക്കാൻ അവർ മാത്രം. പക്ഷേ, ദിവസങ്ങൾ കഴിഞ്ഞപ്പോൾ അമ്മയ്ക്കു രോഗമായി വീട്ടിൽ കിടപ്പിലായി. അമ്മയുടെ മരണം മുന്നിൽകണ്ട അച്ഛൻ്റെ കുടുബക്കാർ സ്വത്ത് ഭാഗം വെക്കണം എന്ന് പറഞ്ഞ് കുഴപ്പത്തിലാക്കി . ഇതൊന്നും എന്നെ വേദനിപ്പിച്ചില്ല.പക്ഷേ എൻ്റെ മൂത്ത ചേച്ചിയും സ്വത്ത് ഭാഗം വെക്കണം എന്ന് പറഞ്ഞു വന്നു. എനിക്കുമാത്രമല്ല എൻ്റെ അമ്മയ്ക്കും അത് ഉൾക്കൊള്ളാൻ സാധിച്ചില്ല. ഞങ്ങളുടെ വീട് പിന്നെയൊരു യുദ്ധക്കളമായിരുന്നു. ഇളയ ചേച്ചിയുടെ ഭർത്താവും മൂത്ത ചേച്ചിയുടെ ഭർത്താവും സ്വത്ത് പറഞ്ഞ് അടിയായി.ഇതൊന്നും സഹിക്കാനാവാതെയാവും എൻ്റെ അമ്മ എന്നെ വിട്ട് പോയി. വീട്ടിൽ ദിവസവും അടിയാണ്. ഞാൻ ഒറ്റയ്ക്കായി.എനിക്കിപ്പോൾ ആരും തന്നെയില്ല. ഇതിനെക്കുറിച്ചൊന്നും തന്നെ എനിക്ക് ഒരു ധാരണയുമില്ല. എന്റെ വീട്ടിൽ ഇപ്പോൾ സന്തോഷമോ സ്നേഹമോ ഇല്ല . വെറും തല്ലും കുഴപ്പവും മാത്രം ശരിക്കും വീട് എന്ന് പറയാൻ സാധിക്കില്ല.അതൊരു യുദ്ധക്കളമായിരുന്നു. ആ യുദ്ധക്കളത്തിൽ ഒറ്റപ്പെട്ടവനായി ഞാനും. അവിടെ ആരും തന്നെ എന്നെ ശ്രദ്ധിച്ചില്ല. എല്ലാവരുടേയും മനസ്സിൽ ഒന്നു മാത്രം സ്വത്ത് ഭാഗം വെക്കൽ. ഞാനൊന്ന് എൻ്റെ രണ്ട് ചേച്ചിമാരെയും നോക്കി. അവർക്കു രണ്ടു പേർക്കും എന്നെ നോക്കാൻ പോലും സാധിക്കുന്നില്ല. ഞാൻ എന്നോട് തന്നെ ചോദിച്ചു അവർക്ക് എങ്ങനെ എന്നെ മറക്കാൻ സാധിക്കും. ഞാൻ അവരുടെ കുഞ്ഞനിയൻ അല്ലേ'. എനിക്ക് കരച്ചിൽ വന്നു. സ്വത്ത് ഭാഗം വെച്ചു. അപ്പോൾ എല്ലാവർക്കും സമാധാനമായി. എന്നാലും ആ യുദ്ധക്കളത്തിൻ ഞാൻ ഒറ്റയ്ക്കായിരുന്നു. എന്റെ കൂടെ ഞാൻ ജീവനുതുല്യം സ്നേഹിച്ച രണ്ട് ചേച്ചിമാരും ഉണ്ടായിരുന്നില്ല. എന്നാലും അവർ എങ്ങനെ എന്നെ ഉപേക്ഷിക്കും ? അതിന് എൻ്റെ ചേച്ചിമാർക്ക് സാധിക്കുമോ? എന്നാലും എന്തിന് ഒറ്റയ്ക്കാക്കി? ഇതെല്ലാമായിരുന്നു എൻ്റെ മനസ്സിൽ. എൻ്റെ മനസ്സിൻ്റെ ആഴത്തിൽ പതിച്ച ദിവസങ്ങളായിരുന്നു അത്. ഒരിക്കലും മറക്കാനാവാത്ത ഒരു യുദ്ധം.

**നന്ദന. എസ്**
9J

# മനുഷ്യത്വം ഇല്ലാതെപോയൊരുവനും, ജീവനറ്റ് പോയ ഒരു പാവവും.

കൂരിരുട്ടിൽ ഞാൻ കേട്ട ആ നിലവിളി തനിച്ചായ വീട്ടിൽ നിന്നുയർന്ന ശബ്ദം!!!..... ചുറ്റുമാകെ വെളിച്ചം... ഓടിയെത്തി അവർ, എന്താണെന്നുള്ള ജിജ്ഞാസ ഉയർന്നു.... നൂറു കണ്ണുകൾ ജ്വലിച്ചു നിൽപ്പേ, ചോരയൊലിച്ച് കിടക്കുന്നരാൾ ആര് ചെയ്തു ഈ ക്രൂരത ? എന്തിനുവേണ്ടി ?

നൂറു ചോദ്യങ്ങൾ എങ്ങും പരന്നു വന്നു ജീവനറ്റ് കിടക്കുന്ന പാവമയ്യോ !!!..

പെട്ടെന്നതാ പൊട്ടിപ്പുറപ്പെട്ടു ഘോരമായൊരു മാരിപ്പെയ്ത്ത് എങ്ങുമെങ്ങും കോരിച്ചൊരിഞ്ഞു മഴ എണ്ണിപ്പെറുക്കി കരയാൻ കുറിച്ചു നിരാശ തുളുമ്പുന്ന കണ്ണീർതുള്ളികളായി ആടിയുലഞ്ഞു നിന്നു മാരിപ്പെയ്ത്ത് രക്തപ്രവാഹം ഒഴുകി നിൽക്കേ, ശ്വാസോച്ഛാസം നിലച്ചു പോയി പിറ്റേദിവസം തെക്കേപ്പുറത്തെ വീട്ടിൽ  പുലരി ഉണർന്നു നിൽക്കേ ആർത്തു കരയുന്നു കുടുംബക്കാർ ശപിച്ചു പോയി മനസ്സുകൾ, കൊന്ന കൈകളെ

വരണ്ട ചുണ്ടുകളുമായി,അന്ത്യനിദ്രയിലവനാ ണ്ടു  ഖേദിച്ചു കൈകൂപ്പി.


ദൈവത്തോടാരാഞ്ഞു തിരിച്ചു കിട്ടുമോ ഇനി ആകാശ വൈവങ്ങളും മേഘ മാലാഖമാരും സങ്കടം പ്രകടിപ്പിച്ചു അന്നേരം സൂര്യന്റെ വെളിച്ചമെങ്ങും മങ്ങിത്തുടങ്ങി പൂർണ്ണനിലാവിൻ വരവായി.... മനസാക്ഷിയില്ലാതെ പോയവനെ, മനുഷ്യനെന്നെങ്ങനെ വിളിക്കും !!!.

എന്തിരുന്നാലും അന്നത്തെ നിലവിളി എന്റെ മനസ്സിനെ വല്ലാതെ വേദനിപ്പിച്ചു എൻ്റെ മനസ്സിൽ ആഴ്ന്ന മുറിവുണ്ടാക്കി

ആ നിലവിളി,....

മുറിച്ചുകളയാൻ പറ്റാത്ത ഓർമ്മയായ് മാറി.....

Mayasa KC
8H


SURYA KIRAN P C
8J

# സൗഹൃദം

നിഷ്ക്കളങ്കമായ ബാല്യ
സൗഹൃദങ്ങൾ
കാലത്തിൻ്റെ_
_ചക്രവാളത്തിൽ
എന്നോ - -അസ്തമിച്ചിരിക്കുന്നു......

പിന്നീടെപ്പോഴോ
ചെറുപുഞ്ചിരിയിലൂടെ
ഹൃദയത്തിലേക്ക് - -ചേക്കേറിയ
ഒരു കൂട്ടം
കൂട്ടുകാർ.......

അനന്തമായ ആകാശം -പോലെ
പരിമിതികൾ ഇല്ലാത്ത പുതുലോകം തീർത്തവർ

മഴയായും,
വെയിലായും,
തണുപ്പായും,
ഇളം തെന്നലായും
ഈ ജീവിത ചില്ലയെ
ഉണങ്ങാതെ - - നിലനിർത്തിയവർ
കണ്ണുകളിൽ നോക്കി -ഹൃദയം
കൊണ്ട് സംസാരിച്ചവർ.....

പകുത്തു നൽകിയ
സ്നേഹത്തിൻ്റെയും,
സന്തോഷത്തിൻ്റെയും,
കരുതലിൻ്റെയും,
ഓർമ്മകളിൽ
മരണം പോലും - -തോറ്റുപോയ
നിലക്കാത്ത
സ്നേഹബന്ധം ......

Shana yasmin
8j

# നിശബ്ദത



അറിയുന്നുവോ നിങ്ങൾ
കാണുന്നുവോ ഈ വേദനകൾ?
അതികഠിനമാമീ ദുഃഖങ്ങളിൽ
അലറിവിളിക്കുന്നു എൻ മനസ്സ്
എന്തുചെയ്യും ഞാൻ എന്തുചെയ്യും?

സന്തോഷമില്ലാതെ, ആഘോഷമില്ലാതെ
ദുഃഖിതയായി മഹാമാരിതൻ പിടിയിൽ
ഈ ലോകം കത്തിനോവിക്കുന്നുവോ,
ആരും ആരും അടുക്കാതെ
എന്തെന്നറിയാതെ ആരെന്നറിയാതെ
വെറുതെ വെറുതെയീ ദുഃഖങ്ങൾ
മാത്രം....

പറയാനാകാതെ ഒതുക്കിവയ്ക്കനീ
സങ്കടം ഓരോന്നും ആയിരമായിരമായ്
'മരുന്നുകൾ മാത്രം എൻ ആത്മാവിന്
കൂട്ടായി,ആശ്വാസമായി നിൽക്കുന്നുവോ'

പഴയൊരു ജീവിതത്തിനായി കൊതിക്കുന്നൊരി
മനസ്സ് എല്ലാവരും ഭയത്തോടെ
കാണുമീ കാലഘട്ടത്തെ ഞാനും
ഭീതിയോടെ നോക്കുന്നു

എപ്പോളൊഴിയുമീ മഹാമാരി?
എപ്പോളൊഴിയുമീ ദുഃഖം ?

റിതുനന്ദ പി പി

# സബ്ജില്ലാ കലോത്സവത്തിൽ നിന്ന്

















# WALLS OF INSECURITIES

In her head , she held
The story of her insecurities
That, no weightlifting fairy,
Had the strength to carry
Searching for some hopes,
She ran through rose thorns,
Into the woods,
Away from the teen hood,
All for the good.

In her head, she held
The story of her worry
That, no paper had,
The spine to carry
Searching for the final hope
She broke through the walls,
Non - stop into the heaven
Away from the hell
All's well that ends well.

Rasha Rasheed
XA

# പഴശ്ശി യുടെ നാട്ടിലേക്ക് ഒരു യാത്ര

സഞ്ചാരി കളുടെ പറുദീസ " ആരും പോകാൻ മോഹിക്കുന്നോരിടം, പ്രകൃതിയുടെ പച്ചപ്പുകളും മായാജാലങ്ങളും അണിനിരന്ന സ്ഥലം. അതെ നമ്മുടെ വയനാട് തന്നെ. കാടിന്റെ നന്മയും ഉറവയും പൊട്ടിപ്പുണർന്ന് കേരളത്തെ മനോഹരമാക്കിയ കൊച്ചു വയനാട്. വിനോദസഞ്ചാരികളുടെ സ്വർഗം എന്ന് ഞാൻ നമ്മുടെ കൊച്ചു വയനാടിനെ വിശേഷിപ്പിക്കുന്നു. വിശേഷിപ്പിക്കാതിരിക്കാൻ കഴിയുന്നില്ല. കാരണം അത്രയും മനോഹരമായ പ്രകൃതിരമണീയതയുണ്ട് ആ സ്വർഗ്ഗത്തിൽ. കളകളം പാടുന്ന പുഴകളും കുഞ്ഞരുവികളും എന്നെ വല്ലാതെ ആകർഷിച്ചു. വ്യത്യസ്തമായ ഒരു ദേശത്ത് അപരിചിതരായ ആളുകൾക്കിടയിൽ ആദ്യമായിട്ടാണ് ഞാൻ അന്ന് കടന്നുചെന്നത്. ഞാൻ ഏകാന്തതയെ പ്രണയിക്കുന്ന വ്യക്തി ആയതിനാൽ ആ സ്വർഗ്ഗത്തിലെ ഏകാന്തതയിൽ ഞാൻ മുഴുകി നിന്നു. അതിൽ അറിയാതെ ലയിച്ചു പോയി. ആ സ്വർഗ്ഗത്തിലെ മഞ്ഞതുള്ളികൾ എന്നെ അറിയാതെ സ്പർശിച്ചു. മനസ്സിന്റെ അടിത്തട്ടിൽ അത് അറിയാതെ പതിഞ്ഞു പോയി.ചില ഇഷ്ടങ്ങൾ പ്രണയത്തേക്കാൾ അപ്പുറമാണ്.ചിലപ്പോൾ അത് എന്നിലെ യാത്രയോടുള്ള പ്രണയമായി മാറിയേക്കാം.

എരിഞ്ഞു തീരും മുമ്പേ.... ആഗ്രഹിച്ച ഒന്നാണ് ഒരു യാത്ര. മനസ്സ് ഒന്ന് ഏകാന്തതയിൽ അലിഞ്ഞുചേരാൻ ആഗ്രഹിക്കുന്നു. എനിക്ക് അത് ഈ സ്വർഗ്ഗത്തിലേക്കുള്ള യാത്രയിലൂടെ അനുഭവിച്ചറിയാൻ സാധിച്ചു. എവിടെയോ ആരുടെയോ മൗനത്തിൽ അണഞ്ഞുപോയ എന്റെ മനസ്സിനെ പൂർണമായും തിരികെ കൊണ്ടുവരാൻ കഴിഞ്ഞില്ലെങ്കിലും മനസ്സിനൊരു ശാന്തത തോന്നിപ്പിക്കുന്നുണ്ടായിരുന്നു. വയനാട്ടിലെ ജലനിരപ്പുകൾ എന്റെ മനസ്സിനെ കുളിർമയേകി. " എന്നെ തഴുകി എടുക്കാൻ കാറ്റും, നെഞ്ചോട് ചേർക്കാൻ നീ തന്ന ഓർമ്മകളും". ആ വയനാടിന്റെ സ്വർഗ്ഗത്തിലെത്തിയപ്പോൾ അറിയാതെ ആ പ്രകൃതിരമണീയത കണ്ടു  ഞാൻ പകച്ചു പോയി. എന്റെ മനസ്സിനെ ഉണർത്തിയ ആ കാറ്റിന്റെ തഴുകൽ എന്നെ ആശ്വസിപ്പിച്ചു. ഇതുവരെ ഒരു പൊട്ടക്കിണറിൽ വീണ തവളയെ പോലെ ഒതുങ്ങി കഴിഞ്ഞിരുന്ന ഞാൻ ഏതോ ഏകാന്തതയുടെ വിശാലമായ ലോകത്തേക്ക് പിച്ചവെച്ച് നടക്കുന്നു. ആ നാട്, ആ ഗ്രാമം എന്നത് ആദിവാസികളുടെ സ്വന്തം സ്വർഗ്ഗമാണ്. അവരുടേത് മാത്രമായ ആ കൊച്ചു ലോകം എന്നെയും ഒത്തിരി ആകർഷിച്ചു. എന്റെ ചിരികൾ മനസ്സിൽ ദ്രവിക്കും മുമ്പ് ഞാൻ ഒരിക്കൽ കൂടി പോകാൻ ആഗ്രഹിക്കുന്ന ആ മാസ്മരിക ലോകമാണ് വയനാട്. എത്ര ശ്രമിച്ചാലും മറവിക്ക് വിട്ടുകൊടുക്കാൻ പറ്റാത്ത ഒരു യാത്രയാണ് ഇത് സമ്മാനിച്ചത്. അനുഭവിക്കുമ്പോൾ നമ്മിൽ ഉളവാകുന്ന അനുഭൂതി, വികാരം, ആ യാത്രയുടെ ആകെ തുക ആയിരിക്കും അത്.പിന്നീട് മനസ്സിലേക്ക് കടന്നു വരുന്ന ആ ഓർമ്മകൾ നമ്മെ മത്ത് പിടിപ്പിക്കുമ്പോൾ അടുത്ത യാത്രയെക്കുറിച്ച് നാം സ്വപ്നം കാണാൻ തുടങ്ങും.....

ആൻവി അശോകൻ
9H

# നന്ദി

അക്ഷരങ്ങൾ കടലാസുകളിലേക്ക് പകർന്ന കുട്ടികൾക്ക്

സന്ദേശങ്ങൾ  അനുഗ്രഹമായി നൽകിയ ഗുരുനാഥന്മാർക്ക്

വരകളാൽ വിസ്മയം തീർത്ത വിരലുകൾക്ക്

കീബോർഡുകൾ കൊണ്ട് ആകർഷകമാക്കിയ സന്മനസിന്

നേതൃത്വം നൽകിയ അദ്ധ്യാപകർക്ക്

അക്ഷരസ്നേഹികളായ എല്ലാവർക്കും

ഹൃദയപൂർവ്വം നന്ദി